● പുസ്തകഭാഗം

സിവിൽ സമൂഹവും ഇടതുപക്ഷവും
എന്ന പുസ്തകത്തിൽനിന്ന്

# ലൂവൂ ഗ്രാമത്തിലേക്ക്

ഡോ. ടി.ടി. ശ്രീകുമാർ
(കഴിഞ്ഞലക്കം തുടർച്ച)



**കുമരകത്തിപ്പോൾ** രണ്ടു തരം പക്ഷികളേയുള്ളൂ. നാട്ടുകാർ വളർത്തുന്ന കോഴി. ആർക്കും വഴങ്ങാത്ത സ്വാതന്ത്ര്യദാഹിയെന്ന് കവികൾ വിളിക്കുന്ന കാക്ക.

ഇങ്ങനെ ദക്ഷിണേഷ്യയിലെത്തി, ഇന്ത്യയിലെത്തി, കേരളത്തിലെത്തിയ വിനോദസഞ്ചാരികളിൽനിന്നുള്ള 'വരുമാനം' ആണ് 500 കോടി രൂപ. ഈ തുക എങ്ങനെ കണക്കുകൂട്ടിയെന്ന് ചോദിച്ചാൽ ആസൂത്രണബോർഡ് എന്തുപറയും?

1990-ൽ 27 കോടിയെന്ന് കണക്കുകൂട്ടിയതുപോലെ 2000-ൽ 500 കോടി എന്നു കണക്കുകൂട്ടി. ആസൂത്രണബോർഡിന്റെ റിവ്യൂവിൽ മറ്റ് മേഖലകളിൽനിന്നുള്ള വരുമാനം തിട്ടപ്പെടുത്തിയിട്ടുണ്ട്. അത് മേഖല തിരിച്ച് സംസ്ഥാനത്തിന്റെ ആഭ്യന്തര ഉൽപ്പന്നത്തിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്. എന്നാൽ ടൂറിസത്തിൽനിന്നുള്ള 'വരുമാനം' അങ്ങനെ ഉൾക്കൊള്ളിക്കാനാവില്ല. കാരണം അത് 'വിദേശനാണ്യ'മായതുകൊണ്ടല്ല. ഇവിടെ വരുന്നുവെന്ന് പറയപ്പെടുന്ന വിനോദസഞ്ചാരി ചെലവഴിച്ചുവെന്ന് ടൂറിസം വകുപ്പോ, ആസൂത്രണ ബോർഡോ വിശ്വസിക്കുന്നത് ഊഹക്കണക്കാണ്. കൂട്ടുന്നതെങ്ങനെയെന്നു പറയില്ല! ഈ ഊഹക്കണക്ക് ശരിയാണെന്നിരിക്കട്ടെ. കഴിഞ്ഞ പത്തു വർഷത്തിനിടയിൽ ടൂറിസം 'വരുമാന'ത്തിൽ 172 ശതമാനം വർദ്ധനയുണ്ടായി എന്നിരിക്കട്ടെ. ഇത് കേരളത്തിന്റെ ആഭ്യന്തര ഉൽപ്പന്നത്തിന്റെ എത്ര ശതമാനം വരും? ഞെട്ടരുത്. വെറും ഒരു ശതമാനത്തിൽത്താഴെ! കൃത്യമായി പറഞ്ഞാൽ 0.88 ശതമാനം.

മത്സ്യമേഖലയുടെ പങ്ക് 2 ശതമാനത്തിലധികം വരും. ചിലർ പറയുന്നത് ടൂറിസം കേരളത്തിന്റെ 'ഗ്രോത്ത് എഞ്ചിൻ' ആണെന്നാണ്. വളർച്ചായന്ത്രം. കേരളത്തിന്റെ ഭാവി വളർച്ചയുടെ പ്രഭവം!

500 കോടി രൂപ. ആഭ്യന്തര ഉൽപ്പന്നത്തിന്റെ 1 ശതമാനത്തിൽത്താഴെ; കടപ്പുറങ്ങൾ 'ബീച്ചു'കളാക്കി, മത്സ്യത്തൊഴിലാളികളെ പുറത്താക്കി. കുമരകത്തെ കണ്ടൽക്കാടുകൾ വെളുപ്പിച്ച്, ബേക്കലത്തെ പുകയില കർഷകരെ ഒഴിപ്പിച്ച് ഇന്ധനം തേടുന്ന വളർച്ചായന്ത്രം. പത്തുകൊല്ലംകൊണ്ട് 172 ശതമാനം വളർന്നിട്ടും ആഭ്യന്തര ഉൽപ്പന്നത്തിന്റെ ഒരു ശതമാനം പോലും സംഭാവന ചെയ്യാത്ത യന്ത്രം. ഇതു നഷ്ടപ്പെടുത്തിയ തൊഴിൽ അവസരങ്ങളും ബാർഹോട്ടലുകൾക്ക് ആഡംബരവസ്തുക്കൾ വാങ്ങാൻ പുറത്തേക്കൊഴുകിയ പണവും തട്ടിക്കിഴിച്ചാൽ ഈ ദുഷ്ടയന്ത്രത്തിൽനിന്ന് നമുക്കെന്താണ് ലഭിച്ചത്?

സ്വകാര്യ കൺസൾട്ടൻസികൾക്ക് കരാർ കൊടുത്തെഴുതിക്കുന്ന വകുപ്പിന്റെ 'സ്വന്തം' പഠനങ്ങൾക്കും മറയ്ക്കാനാവാത്ത കണക്കുകൾ.

കുടിവെള്ളം കോരിനിറച്ച് മഴ സൃഷ്ടിക്കുന്ന ഈ യന്ത്രം ആരെയാണ് സഹായിക്കുന്നത്? ആർക്കാണ് തൊഴിൽ നൽകുന്നത്? ഏത് നന്മയാണ് ഇതിന്റെ നിന്ദ്യപ്രവൃത്തികൾക്ക് നീതിമത്കരണമാവുന്നത്?

ഇത്ര രൂക്ഷമായ വിമർശനം എന്തിനെന്ന് ചിലർക്കെങ്കിലും തോന്നിയേക്കാം.

മഴനൃത്തങ്ങൾക്കും മധുമേളകൾക്കും മുമ്പ്, ടൂറിസത്തിന്റെ പരിസ്ഥിതി നാശകരമായ പ്രവണതകളെ എതിർത്തവരോട് അധികാരികൾ ചോദിച്ചിരുന്നു: "നിങ്ങൾ വികസനത്തിനെതിരല്ലേ?"

ടൂറിസം സൃഷ്ടിക്കുന്ന സാംസ്കാരികാഘാതങ്ങളെക്കുറിച്ച് വേവലാതി പൂണ്ടവരോട് അവർ ചോദിച്ചിരുന്നു: "കേരളം തായ്‌ലന്റാവുമെന്നോ? നിങ്ങൾ വികസനത്തിനെതിരാണ്."

വിദേശനാണ്യം ലഭിക്കുന്നതിനും തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനുമാണ് ടൂറിസം: അതിനാൽ നാവടക്കുക. ഇതാ, വികസനത്തിന്റെ കണക്കുകൾ നമ്മെ തുറിച്ചുനോക്കുന്നു. ഊതിപ്പെരുപ്പിച്ച ഊഹക്കണക്കുകൾ വിശ്വസിച്ചാൽപോലും, ഒരു ശതമാനത്തിൽ താഴെയാണ് വളർച്ചായന്ത്രത്തിന്റെ സംഭാവന.

ഇതിനുവേണ്ടിയോ മഴനൃത്തങ്ങളും മധുകേളികളും എന്ന് ഇനി നമുക്ക് ചോദിക്കാം.

**ലൂവൂ ഗ്രാമം?**

അത് തായ്‌ലന്റിലെ ഒരു ഉൾനാടൻ ഗ്രാമമാണ്. അവിടെ 5 വയസ്സുമുതൽ 14 വയസ്സുവരെ പ്രായമുള്ള ബാലികാബാലന്മാരെ പാർപ്പിച്ചിട്ടുള്ള ഒരു ശിശുസംരക്ഷണകേന്ദ്രമുണ്ട്. വൈ.എം.സി.എ.യുടെയും മറ്റും സഹായത്തോടെ ചില സന്നദ്ധപ്രവർത്തകരാണ് അത് നടത്തുന്നത്. അവിടത്തെ അന്തേവാസികൾ തനിയേ വന്നു ചേർന്നതല്ല. അതൊരു അനാഥാലയവുമല്ല.

ആ കുട്ടികളുടെ മാതാപിതാക്കൾ അവരെ വേശ്യാവൃത്തിക്കായി വിൽക്കുന്ന ചന്തയിൽനിന്ന് സന്നദ്ധപ്രവർത്തകർ ഏറ്റെടുത്തുകൊണ്ടുവന്നതാണ്. ആ പിഞ്ചുകുഞ്ഞുങ്ങൾ തയ്യാറാക്കി അവർതന്നെ അഭിനയിക്കുന്ന ഒരു നാടകമുണ്ട്-

**രംഗം 1:** ഒരു കൊച്ചുമിടുക്കി സ്കൂളിൽനിന്ന് തിരിച്ചുവരുന്നു. അവൾക്ക് മോഹം, പഠിച്ച് വലിയവളാകാൻ. അവളുടെ മാതാപിതാക്കളെ ത്തോടി നഗരത്തിൽനിന്ന് ഒരമ്മായി വരുന്നു.

"നിന്നെ ഞാൻ കൊണ്ടുപോകാം. അവിടെ പഠിക്കാൻ പുസ്തകങ്ങൾ ആവശ്യമില്ല." മാതാപിതാക്കൾക്ക് പണം നൽകി അമ്മായി കുട്ടിയെ കൊണ്ടുപോകുന്നു.

**രംഗം 2:** നഗരത്തിലെ വേശ്യാലയം. അമ്മായി അവളെ അവിടെയാക്കി കമ്മീ

ഷൻ വാങ്ങി തിരിച്ചുപോകുന്നു. നടത്തിപ്പുകാരി ഒരു വിനോദസഞ്ചാരിയുമായി അവൾക്ക് വിലപേശുന്നു. കരാറാക്കുന്നു.

**രംഗം 3:** ഒരു വിരിപ്പുകൊണ്ട് മറയുണ്ടാക്കി നാല് കൊച്ചുകുട്ടികൾ സ്റ്റേജിലെത്തുന്നു. ആ വിരിപ്പുമറയ്ക്ക് പിന്നിൽനിന്ന് ഒരു പെൺകുട്ടിയുടെ ദീനമായ നിലവിളി ഉയരുന്നു. അവളുടെ വസ്ത്രങ്ങൾ വിരിപ്പുമറയ്ക്ക് മുകളിലൂടെ സദസ്യരുടെ നേർക്ക് പറന്നുവരുന്നു.

**രംഗം 4:** പഠിച്ചുമിടുക്കിയാവാൻ കൊതിച്ച പെൺകിടാവ് ഉറക്കഗുളികകൾ വിഴുങ്ങുകയാണ്. അവൾ മരിച്ചുവീഴുന്നു.

**രംഗം 5:** മാതാപിതാക്കളുടെ നിഷ്ഫലമായ പശ്ചാത്താപം.

നാടകം തീർന്ന് കുട്ടികൾ പൊട്ടിച്ചിരിക്കുമ്പോൾ എന്റെ കണ്ണുകൾ നിറഞ്ഞൊഴുകി. അതിലെ ദുഃഖരംഗങ്ങൾ കണ്ടിട്ടല്ല. മാംസവില്പനയും ബലാൽസംഗവും ആത്മഹത്യയും പ്രമേയമായുള്ള ഒരു നാടകം കൊച്ചുകുഞ്ഞുങ്ങൾ അഭിനയിക്കുകയാണ്. അവരുടെ പൊള്ളുന്ന ജീവിതത്തിലെ രക്തം കിനിയുന്ന ഒരേടാണത്.

ചെറുനഗരങ്ങളിൽ നിയമത്തിന്റെയും നിയമപാലകരുടെയും അർദ്ധസമ്മതത്തോടെ പാശ്ചാത്യനായ വിനോദസഞ്ചാരിയോടൊപ്പം ഉള്ളിലെ വിങ്ങലുകൾ ചുണ്ടിലെ ചായത്താൽ മറച്ചുചിരിച്ച് നടന്നുപോകുന്നവൾ.


അവളെ ശിക്ഷിക്കുന്ന ടൂറിസം ആരെയാണ് രക്ഷിക്കുന്നത്? എന്റെ അടുത്ത സുഹൃത്തും വൈ.എം.സി.എ. ഏഷ്യൻ അലയൻസിന്റെ മുൻ ജനറൽ സെക്രട്ടറിയും ഇപ്പോൾ എക്യുമെനിക്കൽ കൊയലിഷൻ ഓഫ് തേഡ് വേൾഡ് ടൂറിസത്തിന്റെ എക്സിക്യൂട്ടീവ് ഡയറക്ടറുമായി റവ. ടാൻ ചീകിയോംഗ് ഒരിക്കൽ പറഞ്ഞു: "ഞാൻ കഴിഞ്ഞ 30 വർഷമായി ഏഷ്യൻ നഗരങ്ങളിൽ നിരന്തരം സഞ്ചരിക്കുന്നു. ടൂറിസം വളരുന്നത് ഞാൻ നേരിൽക്കണ്ടുവെന്നു പറയാം. എന്നാൽ അന്നത്തെ ടാക്സിഡ്രൈവർമാർ താമസിച്ചിരുന്ന അതേ ചേരികളിലാണ് അവരുടെ പിന്മുറക്കാരും താമസിക്കുന്നത്. അവരുടെ ക്ഷീണിച്ച മുഖങ്ങൾക്ക് മാറ്റമില്ല. ടൂറിസം ആരെയാണ് ഉദ്ധരിച്ചത്?"

ടൂറിസംകൊണ്ട് വികസിച്ച ഒരു രാജ്യവുമില്ല. തകർച്ച മാത്രം. സ്വകാര്യ കൺസൾട്ടൻസികളെക്കൊണ്ടെഴുതിക്കുന്ന റിപ്പോർട്ടുകൾക്ക് പുറത്ത്, കാര്യമായ ഒരു തൊഴിലവസരവും സൃഷ്ടിക്കാത്ത, പരിസ്ഥിതിയെ നശിപ്പിക്കുന്ന, വികസനത്തിനുതകാത്ത, ഇപ്പോഴും സമ്പദ്വ്യവസ്ഥയിലെ അപ്രധാനമേഖല മാത്രമായി തുടരുന്ന ടൂറിസത്തിന്റെ ബാക്കിപത്രമായി ഇത്തരമൊരു ചിത്രം കേരളത്തിലുണ്ടാവരുത്. അങ്ങനെ വന്നാൽ, ദൈവം പൊറുത്താലും അസുരൻ പൊറുക്കില്ല.

*യു.ജി. 142 എ, ഉള്ളൂർ ഗാർഡൻസ്*
*തിരുവനന്തപുരം–11*
*e-mail : sreekumartt@gamil.com*

**സിവിൽ സമൂഹവും ഇടതുപക്ഷവും**
ഡോ. ടി.ടി. ശ്രീകുമാർ
പേജ് 145, വില : 75 രൂപ
ഒലിവ് ബുക്സ്, കോഴിക്കോട്

● **അനുസ്മരണം**



# ബാബാ ആംതെ

ഡേവീസ് വളർക്കാവ്

1999-ൽ നർമ്മദാ തീരത്തെ ഡോംഖെഡിയിൽ നടന്ന സത്യഗ്രഹത്തിലും റാലി ഫോർ വാലിയിലും പങ്കെടുത്ത തൃശൂരിൽനിന്നും പോയ എട്ടംഗ സംഘത്തിന് ബാബ ആംതെയെ ഒന്നു കാണുക എന്നത് വലിയൊരു ആഗ്രഹമായിരുന്നു. മേധാ പട്ക്കറേയും അരുന്ധതി റോയിയേയും പരിചയപ്പെട്ട ഞങ്ങൾക്ക് ത്രിമൂർത്തികളിൽ ബാക്കി ആംതെയായിരുന്നു. അങ്ങിനെ മടക്കയാത്രയിൽ കസറാവത്തിലേക്ക് ഞങ്ങൾ യാത്ര തിരിച്ചു. 1988-ൽ ആനന്ദവനിൽവെച്ച് നടന്ന വൻ അണക്കെട്ടുകളുടെ അപകടങ്ങളെക്കുറിച്ചുള്ള സമ്മേളനത്തിനുശേഷം സർദാർ സരോവർ പണി പൂർത്തിയായാൽ മുങ്ങിപ്പോകുന്ന നിമാഡിലെ കസറാവത്ത് ഗ്രാമത്തിൽ നർമ്മദയുടെ തീരത്താണ് ബാബ ആംതെ സ്ഥിരതാമസമാക്കിയിരുന്നത്. ആശ്രമത്തിലെത്തിയ ഞങ്ങൾക്ക് ദാഹം തീർക്കാൻ ഏർപ്പാട് ചെയ്തശേഷം കസറാവത്തിന്റെ പഴയ ഫോട്ടോകൾ കാട്ടിത്തന്നു. തരിശുഭൂമിയായിരുന്ന ഈ സ്ഥലം ഈ കാണുന്ന പച്ചപ്പിലേക്ക് എത്തിച്ചതാണെന്നും അതിനുള്ള പരിശ്രമങ്ങളും ഞങ്ങളോട് പങ്കുവെച്ചു.

ബാബക്ക് നിൽക്കാനും ഇരിക്കാനും പ്രയാസമായിരുന്നു. കിടന്നുകൊണ്ടാണ് സംസാരിച്ചിരുന്നത്. എന്നിട്ടും ഞങ്ങളോടൊപ്പം അരയിൽ ബെൽറ്റ് കെട്ടി പറമ്പിലേക്ക് നടന്നുവരികയും പ്രകൃതിയുമായി ബന്ധപ്പെട്ട ധാരാളം കാര്യങ്ങൾ പറഞ്ഞുതരാനും തയ്യാറായി. 1990 ഡിസംബർ 26 മുതൽ ഫെബ്രുവരി വരെ നടന്ന സംഘർഷയാത്രയിൽ ആമ്പുലൻസിൽ യാത്ര ചെയ്താണ് ബാബ പങ്കെടുത്തത്. നട്ടെല്ലിന്റെ രണ്ടു കശേരുകൾ എടുത്തുമാറ്റിയ, ശ്വസിക്കാൻ രണ്ടു പേസ്മേക്കറുകൾ ഘടിപ്പിച്ച, ഒട്ടേറെ ഓപ്പറേഷനുകൾക്ക് വിധേയനായ ഈ മനുഷ്യന്റെ 84-ാം വയസ്സിലെ ഓജസ്സും പ്രസരിപ്പും ഞങ്ങളെ അതിശയിപ്പിച്ചു. ആ കട്ടിലിനു ചുറ്റും കൂടിനിന്ന് ചുണ്ടിൽനിന്ന് വരുന്ന മൊഴിമുത്തുകൾ കേൾക്കാൾ കാതുകളർപ്പിച്ച് വിനീതരായി നിന്ന ഞങ്ങളോട് ടയർ ചെരിപ്പിട്ട് നടക്കാൻ തുടങ്ങിയതിന്റെ പിറകിലെ കഥയും, സാമൂഹ്യ പ്രവർത്തനത്തിന്റെ ആദ്യപാഠങ്ങളും, നർമ്മദ സമരത്തിന്റെ പ്രാധാന്യവുമെല്ലാം പറഞ്ഞുതന്നത് കൊത്തിവെച്ചപോലെ ഇന്നും മനസ്സിൽ നിൽക്കുന്നു.

*സഹോദരഭവനം, ശ്രീബുദ്ധ ലെയിൻ,*
*അഞ്ചേരി, തൃശൂർ*